## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1999.          10.10. 2011-ൽ മറുപടിയ്ക്ക്

### ആരോഗ്യ സർവ്വകലാശാല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബാബു.എം. പാലിശ്ശേരി. | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനം പൂർണ്ണമായ തോതിൽ എന്ന് ആരംഭിക്കുവാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത് ; | (എ) ഉദ്ദേശം 3 വർഷംകൊണ്ട് . സർവ്വകലാശാലയുടെ പ്രവർത്തനം പൂർണ്ണമായ തോതിൽ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) മെഡിക്കൽ സർവ്വകലാശാലയ്ക്കു വേണ്ടി, കെട്ടിടനിർമ്മാണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 2011-12 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപ; | (ബി) 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) സംസ്ഥനത്തെ ഏറ്റവും വലിയ സർവ്വകലാശാലയായി മാറാൻ പോകുന്നതും, ആരോഗ്യ മേഖലയിൽ പഠനവും, ഗവേഷണങ്ങളും പരിപോഷിപ്പിച്ച് വിപ്ലവകരമായ മാറ്റം വരുത്താൻ കഴിയുന്നതുമായ ആരോഗ്യ സർവ്വകലാശാല പൂർണ്ണമായ തോതിൽ യാഥാർത്ഥ്യമാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | (സി) ആരോഗ്യ സർവ്വകലാശാലയുടെ ഭരണ നിർവ്വഹണത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും അതിൽ നിയമനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2009-10 സാമ്പത്തിക വർഷത്തിൽ 81,50,000/- രൂപയും 2010-11 വർഷത്തിൽ 1,50,00,000/-സഹായധനമായും നിർമ്മാണ പ്രവർത്തനങ്ങൾക്കായി 20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2011-12 വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ സർവ്വകലാശാലയ്ക്കായി വകയിരുത്തിയിട്ടുണ്ട്. സർവ്വകലാശാല സ്ഥാപിക്കുന്നതിനായി തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസ്സിൽ നിന്നും 63.61 ഏക്കർ ഭൂമി സർവ്വകലാശാലയ്ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ സർവ്വകലാശാലയുടെ ഭാവി വികസനത്തിനുവേണ്ടി17.95 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ